# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിടാത്ത | 02.05.2017-ൽ |
| നിയമസഭാ ചോദ്യം നം. 1224 | മറുപടിക്ക് |

### തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ജെയിംസ് മാത്യു<br>,, വി. കെ. സി. മമ്മത് കോയ<br>,, വി. ജോയി<br>,, എം. നൗഷാദ് | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ 52 ശതമാനം മാത്രം യഥാസമയം വിനിയോഗിക്കാൻ സാധ്യമായതിന്റെ പശ്ചാത്തലത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണ പ്രക്രിയയിൽ ഏതു രൂപത്തിലുള്ള മാറ്റമാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | എ) 2016-17 വാർഷിക പദ്ധതി ചെലവ് 69.35 ശതമാനമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവഹണം കൂടുതൽ ഫലപ്രദമാക്കുന്നതിന് സാമ്പത്തിക വർഷാരംഭത്തിൽ തന്നെ പദ്ധതികൾക്ക് അംഗീകാരം വാങ്ങി പ്രവൃത്തികൾ ആരംഭിക്കാൻ കഴിയുന്ന തരത്തിൽ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു കഴിഞ്ഞു. മാത്രമല്ല 17-18 വാർഷിക പദ്ധതിയിൽ ഓരോ പാദത്തിലും കുറഞ്ഞത് 25% തുക വീതം ചെലവഴിച്ചിരിക്കണമെന്നും മാർച്ചുമാസം പദ്ധതി വിഹിതത്തിന്റെ 15% ൽ കൂടുതൽ ചെലവഴിക്കാൻ ഉണ്ടാകരുതെന്നും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതുറപ്പു വരുത്തുന്നതിന് ഫലപ്രദമായ മോണിറ്ററിംഗ് നടത്തുന്നതിനും തീരുമാനമായിട്ടുണ്ട്. |
| ബി) പദ്ധതി നിർവ്വഹണത്തിന് വേണ്ടത്ര ഉദ്യോഗസ്ഥരും ജീവനക്കാരുമില്ലാത്ത സാഹചര്യം നിലവിലുണ്ടോ; | ബി) ഉണ്ട്. |

| | | | |
|---|---|---|---|
| സി) | പദ്ധതി നിർവ്വഹണപ്രക്രിയയിൽ ജനകീയ പങ്കാളിത്തം സാധ്യമാണോ, എങ്കിൽ ഏതുവിധത്തിൽ? | സി) | ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് വിപുലമായ ജനപങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് 2017-18 വാർഷിക പദ്ധതിയിലെ മാർഗ്ഗരേഖയിൽ നിർദ്ദേശങ്ങളുണ്ട്. ജനപങ്കാളിത്തം ഉറപ്പു വരുത്താൻ ഇന്റർനെറ്റ്, വിവരസാങ്കേതിക വിദ്യ, നവമാധ്യമങ്ങൾ തുടങ്ങിയവയുടെ സാധ്യതകളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ